## സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ

( കേരള സഹകരണ നിയമം വകുപ്പ് 4, 5, 6, 7, 8 സഹകരണ ചട്ടം 3,4)

**1. വകുപ്പ് 4 പ്രകാരം**

സഹകരണ തത്വങ്ങൾ അനുസരിച്ച് അംഗങ്ങളുടെ സാമ്പത്തിക താൽപ്പര്യമോ പൊതുജനങ്ങളുടെ താൽപ്പര്യമോ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയ സംഘങ്ങളാണ് ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്നത്.

**2. വകുപ്പ് 5 പ്രകാരം**

ക്ലിപ്ത ബാദ്ധ്യതയോടു കൂടി മാത്രമേ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയൂ. ഇങ്ങനെ രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘത്തിന്റെ പേരിന്റെ ഒടുവിലത്തെ വാക്ക് ലിമിറ്റഡ് എന്നോ ഇതര ഇന്ത്യൻ ഭാഷയിൽ ഇതിനു തുല്യമായ വാക്കോ ആയിരിക്കണം.

**3. ആലോചനാ യോഗം**

ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന് ആദ്യമായി സഹകരണ നിയമം വകുപ്പ് 6-ലെ വിശദീകരണത്തിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട 25 പേരിൽ കുറയാത്ത വ്യക്തികൾ (പ്രൊമോട്ടർമാർ) അവരിൽ ഒരാളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുന്നു. ടി യോഗത്തിൽ സംഘം രൂപീകരിക്കുന്നതിന്റെ ആവശ്യകത അദ്ധ്യക്ഷൻ യോഗത്തിൽ അവതരിപ്പിച്ച് ആയത് യോഗം ചർച്ച ചെയ്യുന്നു. തുടർന്ന് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ യോഗത്തിൽ കൈക്കൊള്ളുന്നു.

- സംഘം രൂപീകരിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ, വിജയസാദ്ധ്യത, ഉദ്ദേശ ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്ത് സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കാൻ തീരുമാനിക്കുന്നു.
- നിർദ്ദിഷ്ട സഹകരണ സംഘത്തിന്റെ പേര്, മേൽവിലാസം, പ്രവർത്തനപരിധി എന്നിവ തീരുമാനിക്കുന്നു.
- യോഗം ചേർന്ന പ്രൊമോട്ടർമാരിൽ നിന്നും 7-ൽ കുറയാതെയും 15-ൽ അധികരിക്കാതെയുമുള്ള പ്രൊമോട്ടിംഗ് കമ്മിറ്റിയേയും അവരിൽ നിന്നും ഒരു ചീഫ് പ്രൊമോട്ടറേയും തെരഞ്ഞെടുക്കുന്നു.
- കരട് നിയമാവലി, പ്രോജക്ട് റിപ്പോർട്ട്, മൂന്നുവർഷത്തേക്കുള്ള ബഡ്ജറ്റ് എന്നിവ തയ്യാറാക്കുന്നതിന് പ്രൊമോട്ടിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

**4. പ്രൊമോട്ടിംഗ് കമ്മിറ്റി യോഗം**

ആലോചനാ യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് നിയമാവലി, പ്രോജക്ട് റിപ്പോർട്ട്, ബഡ്ജറ്റ് എന്നിവ കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിക്കുന്നു. തുടർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ ചീഫ് പ്രൊമോട്ടറെ ചുമതലപ്പെടുത്തിയും കരട് നിയമാവലിയും പ്രോജക്ട് റിപ്പോർട്ടും മറ്റും അംഗീകരിക്കുന്നതിനായി പ്രൊമോട്ടർമാരുടെ യോഗം വിളിക്കാനും തീരുമാനിക്കുന്നു.

## 5. പ്രൊമോട്ടർമാരുടെ യോഗം

ആലോചനായോഗത്തിൽ പങ്കെടുത്ത മുഴുവൻ പ്രൊമോട്ടർമാരും പങ്കെടുക്കുന്ന ഈ യോഗത്തിൽ പ്രൊമോട്ടിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് നിയമാവലി, പ്രോജക്ട്, റിപ്പോർട്ട്, ബഡ്ജറ്റ് എന്നിവ ചർച്ച ചെയ്ത് അംഗീകരിക്കുന്നു. തുടർന്ന് നിർദ്ദിഷ്ട സംഘം രജിസ്റ്റർ ചെയ്ത് കിട്ടുന്നതിനു വേണ്ടി ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നു.

- പ്രൊമോട്ടർമാർ പ്രാരംഭദശയിൽ എടുക്കുവാൻ ആഗ്രഹിക്കുന്ന ഓഹരികളുടെ എണ്ണം, തുക, പ്രവേശന ഫീസ് എന്നിവ സംബന്ധിച്ച് തീരുമാനിക്കുന്നു. സഹകരണ നിയമം വകുപ്പ് 7 (1) (F) പ്രകാരം നിർദ്ദിഷ്ട സംഘം വായ്പ സംഘം ആണെങ്കിൽ 2,50,000/- രൂപയും വായ്പേതര സംഘം ആണെങ്കിൽ ഒരു ലക്ഷം രൂപയും കുറഞ്ഞ പ്രാരംഭ ഓഹരി മൂലധനമായി പിരിച്ചിരിക്കണം എന്നാൽ എസ്.സി.എസ്.റ്റി സഹകരണ സംഘങ്ങൾ ഫിഷറീസ് വനിതാ സഹകരണ സംഘങ്ങൾ, ട്രാൻസ്ജെൻഡർ, സ്കൂൾ/കോളെജ് സംഘങ്ങൾ പരമ്പരാഗത വ്യവസായ സംഘങ്ങൾ ആപ്കോസ് സംഘങ്ങൾ എന്നിവയ്ക്ക് കുറഞ്ഞ ഓഹരി മൂലധന വ്യവസ്ഥ ബാധകമല്ല.
- നിർദ്ദിഷ്ട സംഘം രജിസ്റ്റർ ചെയ്യുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുവാൻ പ്രൊമോട്ടിംഗ് കമ്മിറ്റിയേയും ചീഫ് പ്രൊമോട്ടറേയും ചുമതലപ്പെടുത്തുന്നു.
- സംഘം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രാരംഭ ചെലവുകൾ നടത്തുന്നതിനായി ചീഫ് പ്രൊമോട്ടർക്ക് അനുവാദം നൽകുന്നു.

## 6. രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കൽ (വകുപ്പ് 6, ചട്ടം-3) .

- എല്ലാ പ്രൊമോട്ടർമാരും ഒപ്പ് പതിപ്പിച്ച അപേക്ഷ 1-ാം നമ്പർ ഫാറത്തിൽ രണ്ട് പകർപ്പായി തയ്യാറാക്കണം.
- അപേക്ഷയോടൊപ്പം-
  - (i) എല്ലാ പ്രൊമോട്ടർമാരും ഒപ്പ് പതിപ്പിച്ച സംഘത്തിന്റെ നിർദ്ദിഷ്ട നിയമാവലിയുടെ മൂന്ന് പകർപ്പുകൾ
  - (ii) പ്രവേശന ഫീസും , ഓഹരി സംഖ്യയും നൽകിയിട്ടുള്ളവരുടെ പേരും, വിലാസവും, തൊഴിലും, അവർ നൽകിയ തുകയും വ്യക്തമാക്കി എല്ലാപേരും ഒപ്പ് പതിപ്പിച്ച പട്ടികയുടെ രണ്ട് പകർപ്പുകൾ-
  - (iii) നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തിക ഭദ്രത കാണിക്കുന്ന പ്രോജക്ട് റിപ്പോർട്ട്.
  - (iv) രജിസ്ട്രേഷൻ ഫീസ്, 0425-00-501-95 എന്ന ശീർഷകത്തിൽ ഒടുക്കിയ ചെലാൻ.
  - (v) രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് പ്രമാണങ്ങൾ.

  എന്നിവ കൂടി ഉൾപ്പെടുത്തിയിരിക്കണം.

7. **രജിസ്ട്രേഷൻ ഫീസ് (ചട്ടം 3 (6) )**

| | | |
|---|---|---|
| **a** | **പ്രവർത്തന പരിധി താലൂക്കിനുള്ളിൽ** | **2500/-** |
| **b** | **ഒരു താലൂക്കിലധികം എന്നാൽ ഒരു ജില്ലയിൽ താഴെ** | **5000/-** |
| **c** | **ഒരു ജില്ല** | **6250/-** |
| **d** | **ഒന്നിലധികം ജില്ല** | **12500/-** |
| **e** | **സ്കൂൾ/കോളെജ് സംഘം** | **100** |
| **f** | **വനിതാ, പട്ടികജാതി/പട്ടികവർഗ്ഗ സംഘം** | **500/-** |

8. ചട്ടം 3 (7) പ്രകാരം സഹകരണ സംഘം രജിസ്ട്രേഷനു വേണ്ടിയുള്ള എല്ലാ അപേക്ഷകളും സമർപ്പിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതും ഓൺലൈൻ വഴിയോ ഫിസിക്കലായോ ആയിരിക്കുന്നതാണ്. നിലവിൽ.ഐ.സി.ഡി.എം.എസ് എന്ന വൈബ് സൈറ്റ് വഴി ഓൺലൈൻ വഴി മാത്രമേ അപേക്ഷ സമർപ്പിക്കാനാകൂ.

9. സഹകരണ നിയമം വകുപ്പ് 7 (1) (സി) പ്രകാരം നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന മേഖല അതേ സ്വഭാവത്തിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തനമേഖലയിലേയ്ക്ക് അതിലംഘനം ചെയ്യാൻ പാടില്ല. എന്നാൽ ചുവടെ പറയുന്ന സംഘങ്ങളെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ അതിവ്യാപന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

- ഹൗസിംഗ് സഹകരണ സംഘങ്ങൾ.
- ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ.
- റബ്ബർമാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ.
- ഹോസ്പിറ്റൽ ആന്റ് ഡിസ്പെൻസറി സഹകരണ സംഘങ്ങൾ.
- ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ.
- പ്രിന്റിംഗ് സഹകരണ സംഘങ്ങൾ.
- മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ.
- കൺസ്യൂമർ സഹകരണ സംഘങ്ങൾ
- കാന്റീൻ സഹകരണ സംഘങ്ങൾ.
- വനിതാ സഹകരണ സംഘങ്ങൾ.
- സോഷ്യൽ വെൽഫെയർ സഹകരണ സംഘങ്ങൾ.
- എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ.

10. രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ-

    a. താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്.
    - ഓൺലൈനായും, ഫിസിക്കലായും ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് സമർപ്പിക്കുന്നതിനായി അനുയോജ്യമായ യൂണിറ്റ് ഇൻസ്പെക്ടർമാർക്ക് കൈമാറുന്നു.

* ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ അപേക്ഷ സഹകരണ നിയമം, ചട്ടം, ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമാണോ എന്നും കരട് നിയമാവലി സഹകരണ നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശം എന്നിവയ്ക്ക് വിധേയമാണോ എന്നും സംഘത്തിന്റെ പ്രവർത്തന പരിധി വകുപ്പ് 7 (1) പ്രകാരം അതിവ്യാപനത്തിൽപ്പെടുന്നതാണോ എന്നും പരിശോധിക്കുന്നു.
* അപേക്ഷയിലോ കരട് നിയമാവലിയിലോ എന്തെങ്കിലും ന്യൂനത കാണുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനായി അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർക്ക് സമർപ്പിക്കുകയും അസിസ്റ്റന്റ് രജിസ്ട്രാർ ആയത് ചീഫ് പ്രൊമോട്ടർക്ക് അയയ്ക്കുകയും ചെയ്യുന്നു. ന്യൂനത പരിഹരിച്ച് സമർപ്പിക്കുന്ന അപേക്ഷ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ സംഘത്തെ ഏത് യൂണിറ്റിൽ ഉൾപ്പെടുത്തണം എന്ന് പരാമർശത്തോടെ ശുപാർശ ചെയ്ത് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കുന്നു.

b. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ലഭിക്കുന്ന ( ICDMS & Physical file)അപേക്ഷ ബന്ധപ്പെട്ട സെക്ഷൻ പരിശോധിക്കുകയും അപേക്ഷ സംബന്ധിച്ച വിവരങ്ങൾ 2-ാം നമ്പർ ഫാറത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അപേക്ഷയ്ക്ക് ക്രമനമ്പർ നൽകേണ്ടതും ആണ്. എന്തെങ്കിലും ന്യൂനതകൾ കാണുന്ന പക്ഷം ആയത് പരിഹരിക്കാൻ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം ചീഫ് പ്രൊമോട്ടറോട് നിർദ്ദേശിക്കുന്നു. ന്യൂനത ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് ലഭിക്കുന്ന അപേക്ഷയും കരട് നിയമാവലിയും സഹകരണ നിയമത്തിനും ചട്ടത്തിനും അനുസൃതവും വിധേയമാണെന്നും ബോധ്യപ്പെട്ടാൽ ഓഹരി അനാമത്തായി പിരിച്ച തുക ധനസഹായ ബാങ്കിൽ സസ്പെൻസ് ഹെഡ്ഡിൽ ഒടുക്കിയ അസ്സൽ രസീതും പ്രൊമോട്ടർമാരുടെ പട്ടികയും താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം സമർപ്പിക്കാൻ ചീഫ് പ്രൊമോട്ടറോട് നിർദ്ദേശിക്കുന്നു.

മുകളിൽ വിവരിച്ചിട്ടുള്ള സംഗതികൾ നിർദ്ദിഷ്ട സംഘം നിറവേറ്റി എന്ന് ബോദ്ധ്യപ്പെട്ടാൽ സംഘവും അതിന്റെ നിയമാവലിയും രജിസ്റ്റർ ചെയ്ത് നൽകാവുന്നതാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ട നിയമാവലിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പിനൊപ്പം രജിസ്ട്രാർ ഒപ്പ് വച്ച് ഓഫീസ് മുദ്ര പതിച്ച 3-ാം നമ്പർ ഫാറത്തിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സംഘത്തിന് സൗജന്യമായി നൽകേണ്ടതാണ്.

സംഘത്തിന്റെ രജിസ്ട്രേഷനു ശേഷം നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്ന മുഖ്യ ഉദ്ദേശത്തെ ആധാരമാക്കി രജിസ്ട്രാർ സംഘത്തെ ചട്ടം 15-ൽ പ്രതിപാദിക്കുന്ന തരത്തിലുള്ള ഒരു വിഭാഗത്തിൽ

തരംതിരിക്കേണ്ടതും ആയതിന്റെ ഒരു പട്ടിക (കാറ്റഗറിക്കൽ പട്ടിക) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം അയച്ചു കൊടുക്കേണ്ടതുമാണ്.

11. സഹകരണ ചട്ടം 4 (Vi) പ്രകാരം ചട്ടം 4 ( iV) അനുസരിച്ച് സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള തീരുമാനമോ ചട്ടം 4 (V) അനുസരിച്ച് സംഘം രജിസ്ട്രേഷനുള്ള അപേക്ഷയുടെ തിരസ്കരണമോ അപേക്ഷ കിട്ടിയ തീയതി മുതൽ 60 ദിവസത്തിനകം കൈക്കൊള്ളേണ്ടതാണ്. അപേക്ഷ തിരസ്കരിക്കുകയാണെങ്കിൽ ടി വിവരം 15 ദിവസത്തിനുള്ളിൽ ചീഫ് പ്രൊമോട്ടറെ അറിയിച്ചിരിക്കണം.

12. വകുപ്പ് 7 (4), 7(4) (A) പ്രകാരം 60 ദിവസത്തിനകം തീരുമാനം കൈക്കൊണ്ടിട്ടില്ല. എങ്കിൽ സർക്കാരിനോ രജിസ്ട്രാർക്കോ അതാത് സംഗതി പോലെ ഒരു നിവേദനം നൽകാവുന്നതും ഈ നിവേദനത്തിൻമേലും 60 ദിവസത്തിനകം തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

13. സഹകരണ ചട്ടം 4 (Vii) പ്രകാരം രജിസ്റ്റർ ചെയ്ത സംഘത്തിന്റെ ബൈലയുടെ ഒരു പകർപ്പ് സഹിതം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് ധനസഹായ ബാങ്കിനും ടി സംഘത്തിനും ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയനും സംസ്ഥാന സഹകരണ യൂണിയനും നൽകേണ്ടതാണ്.

14. സംഘം രജിസ്റ്റർ ചെയ്തതായിട്ടുള്ള അറിയിപ്പും രജിസ്ട്രേർഡ് നിയമാവലിയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലഭിച്ച് കഴിഞ്ഞാൽ സംഘം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ചീഫ് പ്രൊമോട്ടർ കൈക്കൊള്ളേണ്ടതാണ്. സംഘം രജിസ്റ്റർ ചെയ്ത തീയതി മുതൽ 6 മാസത്തിനകം സംഘം പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട് (ചട്ടം-7) .
സംഘം രജിസ്റ്റർ ചെയ്ത ശേഷം ആദ്യത്തെ പൊതുയോഗം കൂടുകയും അംഗങ്ങളെ ചേർക്കുകയും ഓഹരികൾ അനുവദിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത സംഘം പ്രവർത്തനം ആരംഭിച്ചതായി കരുതേണ്ടതാണ്.
സഹകരണ ചട്ടം 8 പ്രകാരം ഒരു സംഘത്തിന്റെ രജിസ്ട്രേഷൻ തീയതി മുതൽ 3 മാസത്തിനകം മുഖ്യ സംഘാടകൻ ( chief Promotter) സംഘം രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയിൽ ഒപ്പ് വച്ച എല്ലാവരുടേയും ഒരു ആദ്യ പൊതുയോഗം വിളിച്ചു കൂട്ടേണ്ടതുണ്ട്. ടി യോഗത്തിൽ ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടറും പങ്കെടുക്കേണ്ടതുണ്ട്.

ടി യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്.

1. യോഗത്തിന് ഒരു അദ്ധ്യക്ഷനെ തെരഞ്ഞെടുക്കുക.
2. രജിസ്റ്റേർഡ് നിയമാവലി വായിച്ച് റിക്കാർഡ് ചെയ്യുക
3. അംഗങ്ങൾക്ക് (പ്രൊമോട്ടർമാർക്ക്) ഓഹരികൾ അനുവദിച്ച് നൽകുക.
4. ചീഫ് പ്രൊമോട്ടർ തയ്യാറാക്കിയിട്ടുള്ള പ്രവർത്തന റിപ്പോർട്ടും, വരവ്-ചെലവ് കണക്കും അംഗീകരിക്കുക.
5. തൻവർഷത്തേയ്ക്കുള്ള ബഡ്ജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുക.
6. 6 മാസ കാലയളവിലേയ്ക്ക് താൽക്കാലിക കമ്മിറ്റിയെ തെരഞ്ഞെടുക്കുക.

താൽക്കാലിക കമ്മിറ്റി യോഗം ചേർന്ന് സംഘം പ്രവർത്തന സജ്ജമാക്കേണ്ടതും 6 മാസത്തിനുള്ളിൽ ചട്ട പ്രകാരം തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതിയെ തെരഞ്ഞെടുക്കേണ്ടതുമാണ്.

*********************

Inspector
Crisis Cell.

Law officer